# Kerala Agricultural University

## Centre for e-Learning

IT-BT Complex, Main Campus
Kerala Agricultural University
KAU. P.O., Thrissur, PIN - 680656
Email: cel@kau.in, Phone: 0487-2438566


No: CeL/548/2025 15/05/2026

**അറിയിപ്പ്**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ (സെന്റർ ഫോർ ഇ-ലേണിംഗ്) ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **"Post-Harvest Management & Marketing of Fruits & Vegetables"** എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറ് മാസമാണ് കോഴ്സിന്റെ കാലാവധി. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **അപേക്ഷകർക്ക് സ്വന്തമായി ഇ-മെയിൽ ഐ.ഡിയും മൊബൈൽഫോൺ നമ്പറും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.**

SSLC, പ്രീഡിഗ്രി / പ്ലസ് ടു / വി.എച്ച്.എസ്.ഇ. എന്നിവയിൽ ഏതെങ്കിലുമോ / തത്തുല്ല്യമോ, ഉയർന്നതോ ആയ മറ്റു വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ സ്കാൻ ചെയ്ത് പകർപ്പ് celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്. ഏത് ജോലി ചെയ്യുന്നവർക്കും മറ്റു കോഴ്സുകൾ പഠിക്കുന്നവർക്കും ലോകത്തിന്റെ വിവിധ ഭാഗത്ത് താമസിക്കുന്നവർക്കും ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. പ്രായപരിധിയില്ല.

നിശ്ചിത യോഗ്യതയുള്ളവർ 41795406771 എന്ന അക്കൗണ്ട് നമ്പറിലേക്ക് ഓൺലൈൻ ബാങ്കിംഗ് വഴിയോ UPI വഴിയോ ചുവടെ ചേർത്തിട്ടുള്ള കോഴ്സ് ഫീസ് അടച്ചതിനു ശേഷം രജിസ്റ്റർ ചെയ്യുക.

ഫീസ് നിരക്കുകൾ:

| | |
|---|---|
| ഒരു വ്യക്തി/ പഠിതാവ് | : 6500 രൂപ |
| വിദ്യാർഥികൾ | : 3250 രൂപ |
| 20 പേർ അടങ്ങുന്ന ഗ്രൂപ്പ് | : 5000 രൂപ/ പഠിതാവ് |
| 50 പേർ അടങ്ങുന്ന ഗ്രൂപ്പ് | : 4000 രൂപ/ പഠിതാവ് |
| 100 പേർ അടങ്ങുന്ന ഗ്രൂപ്പ് | : 3250 രൂപ/ പഠിതാവ് |

Account No: 41795406771
UPI ID: CELKAU.981@sbi
Bank Name: State Bank of India
Branch: KAU, Vellanikkara
Account Type: Current
IFSC Code: SBIN0070670

**രജിസ്റ്റർ ചെയ്യുന്നതിന് ഈ ലിങ്കിൽ ക്ലിക്ക് ചെയ്യുക:** https://www.celkau.in/elearning/reg.php

**2026 ജൂൺ 15** ന് ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കും. 2026 ജൂലൈ 15-ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിശദാംശങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും 0487 2438567, 8547837256 എന്നീ ഫോൺ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

| Sd/- | Sd/- |
|---|---|
| ഇൻസ്റ്റിറ്റ്യൂഷണൽ കോർഡിനേറ്റർ | ഡയറക്ടർ |

ഇ-പഠന കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല